**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 414** **09.02.2016-ൽ മറുപടിയ്ക്ക്**

**അരൂർ മണ്ഡലം.**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എ. എം. ആരിഫ് : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഊർജ്ജ വകുപ്പ് അരൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ വിശദമാക്കാമോ ? | (എ) | അരൂർ നിയോജക മണ്ഡലത്തിൽ 11 കെ.വി ലൈൻ നിർമ്മാണം, 11 കെ.വി ലൈൻ നവീകരണം, പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ, പുതിയ എൽ.റ്റി ലൈൻ നിർമ്മാണം, എൽ.റ്റി ലൈൻ നവീകരണം, സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കി മാറ്റൽ തുടങ്ങിയ വികസന പ്രവർത്തനങ്ങളാണ് ഏറ്റെടുത്തിട്ടുള്ളത്. ഇതനുസരിച്ച് 221 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്. 11 കെ.വി ലൈൻ നിർമ്മാണവുമായി ബന്ധപ്പെട്ട 22.79 കി.മീ.(ഒ.എച്ച്) ലൈനും 3.16 കി.മീ. യു.ജി കേബിളുകളും നിർമ്മിച്ചിട്ടുണ്ട്. കൂടാതെ, 30 കി.മീ. എൽ.റ്റി ത്രീ ഫേസ് ലൈനും നിർമ്മിച്ചിട്ടുണ്ട്. ലൈൻ നവീകരണവുമായി ബന്ധപ്പെട്ട് 18 കി.മീ 11 കെ.വി ലൈൻ നവീകരണവും 969 കി.മീ എൽ.റ്റി ലൈൻ നവീകരണവും 92.6 കി.മീ. ലൈൻ കൺവേർഷനും ചെയ്തിട്ടുണ്ട്.<br>എരമല്ലൂർ കടപ്പുറത്ത് ഒരു 110 കെ.വി സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നല്കിയിട്ടുണ്ട്. സബ് സ്റ്റേഷൻ നിർമ്മാണത്തി നാവശ്യമായ സ്ഥലം ലഭ്യമാക്കുവാൻ വേണ്ടി നടപടികൾ ജില്ലാ പർച്ചേസ് കമ്മിറ്റി മുഖേന സ്വീകരിച്ചു വരുന്നു.<br>കൂടാതെ, അരൂർ-മട്ടാഞ്ചേരി 66 കെ.വി ലൈൻ റീ-കണ്ടക്ടറിംഗ് ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.<br>ഐസ് പ്ലാന്റുകളിൽ സംഭവിക്കുന്ന വലിയ തോതിലുള്ള ഊർജ്ജ നഷ്ടം കുറയ്ക്കുന്നതിന്റെ ഭാഗമായി അരൂർ നിയോജക മണ്ഡലത്തിൽ ഉള്ള ഐസ് പ്ലാന്റ് ഉടമകൾക്ക്, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ എനർജി സേവിംഗ്സ് കോ-ഓർഡിനേഷൻ ടീം (ESCOT) ഊർജ്ജ സംരക്ഷണ പ്രവർത്തന ങ്ങളെക്കുറിച്ച് അവബോധ ക്ലാസുകൾ സംഘടിപ്പിക്കുകയും, ഭാഗീകമായി ഊർജ്ജ നഷ്ടം കുറയ്ക്കുന്ന പ്രവർത്തനങ്ങൾ ഐസ് പ്ലാന്റുകളിൽ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ.**